സപ്ലൈ വന്നപ്പോൾ അയാളെ വിളിച്ചു. പക്ഷേ അയാൾ പോയിക്കഴിഞ്ഞിരുന്നു, അയാൾ വരും. എവിടെപ്പോകാൻ. എന്നാൽ അടുത്തയാഴ്ച അയാൾ വന്നില്ല. വീണ്ടും രണ്ടാഴ്ച അയാളെ പ്രതീക്ഷിച്ചു. ഇല്ല, അയാൾ എത്തിയില്ല. ഞാൻ പതുക്കെ സുന്ദരാനന്ദിനെ മറക്കാൻ തുടങ്ങി.

രണ്ടുമാസം കഴിഞ്ഞ് ഒരു സായാഹ്നം. എന്റെ മുന്നിൽ വന്നു നിന്ന സുന്ദരാനന്ദിനെക്കണ്ട് ഞാൻ അന്തം വിട്ടു. ഉഗ്രൻ എക്സിക്യൂട്ടീവ് ഭംഗിയുള്ള ടൈ, ചുണ്ടിൽ പുഞ്ചിരി. നീല ടിന്റുള്ള സൺഗ്ലാസ് കണ്ണിലെ തിളക്കം കാണാൻ അനുവദിക്കുന്നില്ല.

ഇനി മുതൽ കൂളിംഗ് ഗ്ലാസ്സ് പ്ലെയിൻ ഗ്ലാസ്സായിരിക്കണമെന്നാവശ്യപ്പെട്ട് ഒരു കേസ് കൊടുത്താലോ?

'ഡോക്ടർ' കണ്ണടമാറ്റിക്കൊണ്ട് കസേരയി ലിരുന്ന സുന്ദരാനന്ദ് തുടർന്നു,

'ഒരു സന്തോഷ വാർത്ത. എനിക്ക് നല്ല ഒരു ജോലി കിട്ടി. അന്നു ഞാൻ കാത്തിരിക്കുമ്പോഴാണ് പത്രപ്പരസ്യം വായിച്ചത്. ഉടൻ തന്നെ അപേക്ഷിച്ചു. ഇന്റർവ്യൂ നടത്തിയർവർക്ക് എന്റെ സ്വപ്നങ്ങൾ നന്നേ ഇഷ്ടപ്പെട്ടു സാർ. സന്തോഷത്തോടെ എന്നെ സെലക്ട് ചെയ്തു.'

'എവിടെ?'

സംസ്ഥാന ആസൂത്രണ വിഭാഗത്തിൽ. ഞാനിന്നവിടെ ഒരു ആസൂത്രണ വിദഗ്ദ്ധനാണ്. ഒരു കാര്യം സാറിനറിയാമോ? ആ വകുപ്പിൽ ആരും സ്വപ്നം കാണാറില്ലത്രെ!

'എത്രയോ ഭേദം!' ഞാൻ ചിന്തിച്ചു.

അയാൾ തുടർന്നു, 'ഇപ്പോഴെന്റെ സ്വപ്ന മെന്താണെന്ന് ഡോക്ടർക്കറിയാമോ?സംസ്ഥാന ത്തിന്റെ വൈദ്യുതി വികസനം.'

ഞെട്ടാൻ പോലും എനിക്ക് ശേഷിയില്ലാ തായിരിക്കുന്നു. അന്നു രാത്രി ഞാനൊരു സ്വപ്നം കണ്ടു. നീട്ടി വലിച്ചു കെട്ടിയിരിക്കുന്ന അയയിൽ നിറയെ തുണികൾ നനച്ച് ഉണങ്ങാനിട്ടിരിക്കുന്നു. 'അല്ല ഇതു നമ്മുടെ ട്രാൻസ്മിഷൻ ലൈനല്ലേ?'

❋

സംഘടനയും സംഘാടകരും- KSEBEA വയസ് 60

Er. George Mathew
Former General Secretary

ഏത് സംഘടനയും വർഷങ്ങളോളം നല്ലരീതിയിൽ പ്രവർത്തിച്ച് നില നില്ക്കുക എന്നത് അഭിമാനകരമാണ്. 1954-ൽ രൂപീകൃതമായ KSEBEAയുടെ ഷഷ്ടിപൂർത്തി ഈ വർഷം ആഘോഷിക്കുകയാണ്. ഒട്ടേറെ പുതിയ സാമൂഹിക സാങ്കേതിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. KSEB നിലവിൽ വന്നത് 1957-ൽ ആണെങ്കിലും കെ.എസ്.ഇ.ബി എഞ്ചിനീയേർസ് അസോസിയേഷൻ അതിന് മുമ്പുതന്നെ രൂപീകരിക്കാൻ ഇടയായത് ആ കാലഘട്ടത്തിലെ സ്ഥാപനത്തിലെ എൻജിനീയേർസിന്റെ ആവേശത്തിന്റെ പ്രതീകമായിട്ടായിരുന്നു.

വളരെ ത്യാഗോജ്വലമായ പ്രവർത്തനത്തിന്റെയും ദീർഘ വീക്ഷണത്തിന്റെയും പ്രതിബദ്ധതയുടെയും തണലിൽ വളർന്നു വന്ന ഒരു സംഘടനയാണ് ഇത്. അസിസ്റ്റന്റ് എൻജിനീയർ മുതൽ ചീഫ് എൻജിനീയർവരെയുള്ള എൻജിനീയേർസ് ഈ സംഘടനയിലെ അംഗങ്ങളാണെന്ന് പറയുമ്പോൾ ഇവിടെ ഒരു കാലഘട്ടം പൂർണ്ണമാവുകയാണ്. സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് കാലാകാലങ്ങളിൽ എടുക്കുന്ന നയപരമായ തീരുമാനങ്ങൾ പഠിച്ച് നടപ്പിലാക്കുന്നതിനും തെറ്റുകുറ്റങ്ങൾ ഉണ്ടെങ്കിൽ വേണ്ട തലത്തിൽ ചൂണ്ടിക്കാട്ടി ആശയപരമായ പരിഷ്ക്കാരങ്ങൾ വരുത്തി നടപ്പിലാക്കുവാൻ സംഘടന പ്രത്യേകം ശ്രദ്ധിച്ചുവരുന്നു.

ഒരു സാങ്കേതിക സ്ഥാപനമായ സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ എൻജിനീയേർസിനെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഈ സംഘടനയ്ക്കു സാധിച്ചു എന്നുള്ളത് അഭിമാനകരമായ വസ്തുതയാണ്.

വ്യത്യസ്ഥമായ ആശയങ്ങൾ, സാങ്കേതിക പരിജ്ഞാനം, സ്ഥാപനത്തിലെ അനുഭവങ്ങൾ എല്ലാം ഒരു ശംഖുനാദം പോലെ മുഴങ്ങി കേൾക്കുവാൻ എല്ലാതലത്തിലും ജോലി ചെയ്യുന്ന എൻജിനീയേർസിന് സാധിക്കുന്നുണ്ട്. ചുവരുണ്ടെങ്കിലെ ചിത്രം വരയ്ക്കുവാൻ സാധിക്കുകയുള്ളു എന്നതുപോലെ സ്ഥാപനത്തിന്റെ വളർച്ചയ്ക്കാണ് നമ്മുടെ സംഘടന അന്നും ഇന്നും പ്രാധാന്യം നല്കുന്നത്. നവീന ആശയങ്ങൾ, നൂതന സാങ്കേതിക പരിഷ്ക്കാരങ്ങൾ തുടങ്ങിയവയെ കോർത്തിണക്കി മെച്ചപ്പെട്ട രീതിയിൽ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ സംഘടന ശ്രമിക്കുന്നുണ്ട്.

കേരളത്തിലൊഴികെ മറ്റു സംസ്ഥാനങ്ങളിൽ എല്ലാംതന്നെ പവർ എൻജിനീയേർസിന് ഒറ്റ സംഘടന മാത്രമാണുള്ളത് എന്നു പറയുന്നതിൽ തികച്ചും വ്യത്യസ്ഥതയുളവാക്കുന്ന വസ്തുതയാണ്. കേന്ദ്ര നേതൃത്വത്തിലുള്ള AIPEF/SIPEF -ൽ നമ്മളുടെ സംഘടനയും പ്രധാനസ്ഥാനമാണ് വഹിക്കുന്നത്. ഇതിൽക്കൂടി വിവിധ സംസ്ഥാനങ്ങളിൽ നടത്തി വരുന്ന വൈദ്യുതി മേഖലകളിലെ പരിഷ്ക്കാരങ്ങൾ അറിയുന്നതിനും ആവശ്യമെങ്കിൽ ഇവിടെയും നടപ്പിലാക്കിക്കുവാനും നമ്മുടെ സംഘടന ശ്രമിക്കുന്നുണ്ട്.

Engineers' Day എല്ലാ വർഷവും September 15ന് വലിയ ആഘോഷമായി എല്ലാ ജില്ലകളിലും ആചരിക്കുന്നത് ഒരു അനുഭവമാണ്. Institution of Engineers ന്റെ ഈ ദിനത്തിലെ വിഷയം നമ്മുടെ സംഘടന ഏറ്റെടുത്ത് നടത്തി വരുന്നു.

സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് IEEE കേരള ഘടകവുമായി ചേർന്ന് ആനുകാലിക പ്രാധാന്യമുള്ള വിഷയത്തെ ആസ്പദമാക്കി ജില്ലാതലത്തിലും അതിൽ വിജയിക്കുന്നവരെ സംസ്ഥാനാടിസ്ഥാനത്തിലും നടത്തുന്ന സെമിനാർ സീരിസ് ഒരു വലിയ സംഭവമായി മാറിക്കൊണ്ടിരിക്കുന്നു. ജില്ല-സംസ്ഥാന തലത്തിൽ ഏറ്റവും മെച്ചപ്പെട്ട പ്രകടനം നടത്തുന്നവർക്ക് പാരിതോഷികവും സർട്ടിഫിക്കറ്റും സംഘടന നല്കുന്നത് ഒരു പ്രോത്സാഹനമായി വിദ്യാർത്ഥികൾ കാണുന്നുണ്ട്.

സംഘടനയുടെ മുഖപത്രമായ Hydel Bullet ന്റെയും Technical Journal Hydel ന്റെയും പ്രസിദ്ധീകരണത്തിലൂടെ ആനുകാലിക പ്രസക്ത മായ വിഷയങ്ങൾ അറിയുവാനും അംഗങ്ങളുടെ സ്വർഗ്ഗാത്മ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു.

Power Engineers Hand Book ഒരു സാങ്കേതിക വിജ്ഞാനകോശമായി അന്നും ഇന്നും ഉപയോഗിക്കുന്നു. കാലാനുസൃതമായ മാറ്റങ്ങളും പുതിയ സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തി പരിഷ്ക്കരിച്ചുള്ള പതിപ്പും പ്രസിദ്ധീകരിക്കുന്നത് ഏറെ പ്രയോജനം നല്കുന്നതാണ്. അതുപോലെ തന്നെ അംഗങ്ങളുടെയും ബോർഡിലെ ഓഫീസുകളുടെയും മറ്റ് പ്രധാനപ്പെട്ട ഓഫീസുകളുടെയും ടെലഫോൺനമ്പരുകൾ ഉൾപ്പെടുത്തി ടെലഫോൺ ഡയറക്ടറിയും പരിഷ്ക്കരിച്ച് പ്രസിദ്ധീകരിച്ചു വരുന്നു. ഇതും അംഗങ്ങൾക്ക് പരസ്പരം ബന്ധപ്പെടാൻ ഉപകരിക്കുന്നു.

ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിനു വേണ്ടിയുള്ള ഊർജ്ജസംരക്ഷണം ഉൾപ്പടെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ജില്ല-സംസ്ഥാന തലത്തിൽ സെമിനാറുകൾ, ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും,Energy Conservation Day ആചരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. Technical Tour, Family meet തുടങ്ങിയ പരിപാടികൾ സംഘടനയിലെ അംഗങ്ങൾക്കും കുടുംബാങ്ങൾക്കും വലിയ ആവേശം നല്കുന്നുണ്ട്.

സേവനവേതന പരിഷ്ക്കാരങ്ങൾ നല്ല രീതിയിൽ നടപ്പിലാക്കുവാൻ സമരം നടത്തി ജയിൽവാസം അനുഭവിച്ചതുൾപ്പടെയുള്ള ഒട്ടനവധി തിക്തഫലങ്ങൾ അനുഭവിച്ച നമ്മുടെ സീനിയർ എൻജിനീയർമാരെ ഇപ്പോൾ വൈദ്യുതി ബോർഡിൽ ജോലി ചെയ്യുന്ന എല്ലാ എൻജിനീയർമാരും ഓർക്കേണ്ട വസ്തുതയാണ്. സംഘടനക്ക് ഈ ചർച്ചകളിൽ സജീവമായി പങ്കെടുക്കുവാനും ഒരു പരിധിവരെ ആവശ്യങ്ങൾ നേടിയെടുക്കുവാനും സാധിച്ചിട്ടുണ്ട്.

സംഘടനയിലെ അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് വേണ്ടിയുള്ള ബനവലന്റ് ഫണ്ട് സ്കീം ഒരു വലിയ ആശ്വാസമായി പ്രവർത്തിക്കുന്നുണ്ട്.

ഇങ്ങിനെ ഒട്ടനവധി കാര്യങ്ങൾ നടപ്പിലാക്കി മുന്നോട്ടു പോകുന്ന ഈ സംഘടന ഇതിന്റെ 60-ാംവാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഇനി കൂടുതലായി എന്തുപറയുവാൻ **ഒരായിരം പൂച്ചെണ്ടുകൾ**.

❋

Our Objects ...

❖ To provide a common platform for discussions and exchange of views amongst Power Engineers on technical and admisitrative issues.

പുകകൊണ്ടോടുന്ന ജനറേററർ

എൻ.റ്റി.ജോബ്
മുൻ ജനറൽ സെക്രട്ടറി

കേരളത്തിലെ വൈദ്യുതി ഉല്പാദനം കൂട്ടുവാനുള്ള ഏതു ശ്രമവും തകർത്തടിക്കുവാൻ ഏതെങ്കിലും തരത്തിൽ ഒരുകൂട്ടം ആളുകൾ രംഗത്തെത്തുമെന്നുള്ളത് ഉറപ്പാണ്. ഏതു പദ്ധതിയും കട്ടപ്പുകയാക്കുന്നതിലാണ് ഇത്തരക്കാരുടെ ആനന്ദം കുടികൊള്ളുന്നത്. ഇങ്ങിനെ പദ്ധതികൾ കട്ടപ്പുകയാകുമ്പോൾ ആ കട്ടപ്പുകയിൽ നിന്നും ഊർജ്ജജോല്പാദനത്തിനായുള്ള കണ്ടുപിടി ത്തങ്ങൾ മാത്രമെ കേരളത്തെ രക്ഷിക്കുകയുള്ളൂ.

വൈദ്യുതി ബോർഡിനു പുറത്തു നിന്നുള്ള എതിർപ്പുകളെ രാഷ്ട്രീയമായും സാമ്പത്തികമായും പരിസ്ഥിതിപരമായും വേർതിരിച്ചെടുക്കാം. എന്നാൽ കെ.എസ്.ഇ.ബി യുടെ അകത്തുനിന്നും ഉണ്ടാക്കുന്ന ഉടക്കുകളെയും ഉടക്കുണ്ടാക്കുന്ന വരെയും ചുട്ടെരിക്കേണ്ടത് നാടിനാവശ്യമാണ്.

കഴിഞ്ഞ പത്തുപതിനഞ്ചു വർഷമായി കാര്യമായ പദ്ധതികളൊന്നുംതന്നെ കമ്മീഷൻ ചെയ്യുവാൻ നമുക്ക് സാധിച്ചിട്ടില്ല. അനുമതി ലഭ്യമാകാത്ത ആതിരപ്പിള്ളിയെ പൊക്കിപിടിച്ചു കൊണ്ട് അനുമതികളെല്ലാം ലഭ്യമായ പദ്ധതികളെക്കുറിച്ച് മറക്കുന്നതെന്തു കൊണ്ടാണ്, അതിനു പിന്നിലെ ചേതോവികാരമെന്താണ്. മുന്നൂറ്റി അമ്പതു മെഗാവാട്ടിനുള്ള പദ്ധതികൾ ജല വൈദ്യുത മേഖലയിൽ തന്നെ വിവിധ ഘട്ടങ്ങളിലായി പ്രവർത്തി പഥത്തിലുണ്ട്. എന്നാൽ ഈ പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള ഇച്ഛാശക്തി നഷ്ടപ്പെടുന്നതെവിടെയാണ്. ചിലർ ഇത്തരം പദ്ധതികൾക്കുള്ള ഫണ്ട് വെട്ടിക്കുറക്കുമ്പോൾ മറ്റു ചിലർ സാങ്കേതികമായ പ്രശ്നങ്ങളുണ്ടാക്കി പദ്ധതികളെ കുഴിച്ചു മൂടുവാനായി ശ്രമിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്.

വൈദ്യുതി ബോർഡിനു ലഭിക്കുന്ന വരുമാനമെല്ലാം വൈദ്യുതി പുറമെ നിന്നും വാങ്ങുവാനുപയോഗിച്ചാൽ പലരും സന്തോഷവാന്മാരാകുന്നു. കൈ നനയാതെ കറന്റ് കിട്ടും പാരിസ്ഥിതി പ്രശ്നങ്ങളുമില്ല, ജനങ്ങളുടെ എതിർപ്പുമില്ല. എന്തൊരു സുഖം, ഇതിൽപ്പരം ആനന്ദം വേറെ എങ്ങിനെയുണ്ടാവും. 'സമ്പത്തു കാലത്ത് കാപത്തു വെച്ചാൽ ആപത്തു കാലത്തു തുണയേകിടും' എന്ന പഴഞ്ചൊല്ല് ഓർത്തിട്ടെങ്കിലും നല്ലകാലത്ത് ഉല്പാദനം കൂട്ടുവാനുള്ള വഴികൾ തേടേണ്ടിയിരിക്കുന്നു.

സംസ്ഥാനത്ത് ഒരു തരത്തിലും വൈദ്യുതി ഉല്പാദനം കൂട്ടരുത് എന്ന് വാശി പിടിക്കുന്നവരുടെ ലോബി വളരെ ശക്തമായിത്തന്നെ അന്തർനാടകങ്ങളിൽ മുഴുകിയിരിക്കുന്നു ണ്ടെന്നത് വളരെ വ്യക്തമാണ്. വെള്ളം, സർവ്വത്ര വെള്ളം കുടിക്കുവാനില്ലൊരു തുള്ളി വെള്ളം എന്ന ദുഃഖകരമായ അവസ്ഥയാണ് നമുക്കു മുന്നിലുള്ളത്. നാല്പത്തി നാലു നദികൾ വെള്ളം കടലിലേക്കെത്തിക്കുവാൻ മത്സരിക്കുമ്പോൾ അതിലഞ്ചു നദികളെ മാത്രമാണ് വരിഞ്ഞുമുറുക്കുവാൻ സാധിച്ചിട്ടുള്ളത്, ബാക്കിയെല്ലാം പൂർവാധികം ശക്തിയോടെ വെള്ളം കടലിലെത്തിക്കുന്നുണ്ട്.

ഈ നിർജീവ അവസ്ഥയിലാണ് ആരും ഇതുവരെ എതിർപ്പു പ്രകടിപ്പിക്കാത്ത സൗരോർജ്ജ പദ്ധതികളെക്കുറിച്ചുള്ള ആലോചനകൾ

ആരംഭിച്ചത്, കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടി ഇല്ലാതായി എന്നു പറഞ്ഞപോലെ വേനൽക്കാലം അവസാനിക്കാറായിട്ടും ഒരു പുരകളിലും സൗരോർജ്ജ പദ്ധതികൾ തുടങ്ങാനായില്ല. 'വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം' എന്ന പാട്ട് മുഖമുദ്രയായുള്ളവരാണ് സംസ്ഥാനതലത്തിൽ സൗരോർജ്ജ പദ്ധതികളുടെ നടത്തിപ്പുകാരെന്നത് കാര്യങ്ങളുടെ പുരോഗതിയെ തടസപ്പെടുത്തുന്നു

ആവിഷ്ക്കാര സ്വാതന്ത്ര്യമുള്ളവരെല്ലാം ആവിഷ്ക്കാരങ്ങൾ നടത്തുന്നുണ്ടെന്നതും, ഏതെങ്കിലും സൗരോർജ്ജ പദ്ധതികൾ നടപ്പിലാകുമെന്നു കണ്ടാൽ അതിനെ ചാപിള്ളയാക്കാനും മത്സരിക്കുകയിണിവിടെ. ആര്, എന്ത്, എന്നൊന്നും ചോദിക്കരുത്, തൊട്ടു കാണിച്ചു തരാം. നമ്മുടെ അയൽ സംസ്ഥാനങ്ങളെല്ലാം തന്നെ സൗരോർജ്ജ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു; നമുക്ക് ഒന്നും തന്നെ ആരംഭിക്കുവാൻ കഴിയില്ലെന്നു വരുമ്പോൾ എവിടെയോ എന്തൊക്കെയോ ചീഞ്ഞു നാറുന്നുവെന്നത് വ്യക്തമാണ്. തമിഴ്നാട് അടുത്ത വർഷം കൊണ്ട് അഞ്ഞൂറു മെഗാവാട്ട് സൂര്യനിൽ നിന്നെടുക്കുമെന്നുറപ്പാണ്. കർണാടകയും കമ്പനികളുമായി കരാറുകളിലേർപ്പെട്ടു കഴിഞ്ഞു. ആന്ധ്രയും മുന്നോട്ടു തന്നെ. എന്നാൽ കേരളം പച്ചതൊടാനുള്ള കാര്യങ്ങളൊന്നും കാണുന്നില്ല. അമ്പതു മെഗാവാട്ടിന്റെ പദ്ധതികൾക്കായി കമ്പനികളെ ക്ഷണിച്ചപ്പോൾ ആയിരത്തിയഞ്ഞൂറു മെഗാവാട്ടിനുവരെ വിവിധ കമ്പനികൾ മുന്നോട്ടു വന്നു. എന്നാൽ കേരളത്തിന്റെ നിബന്ധനകൾ മനസിലാക്കിയപ്പോൾ എല്ലാവരുംതന്നെ പിൻവാങ്ങി.

സൗരോർജ്ജ പദ്ധതികളിൽ നിന്നും മറ്റുള്ള സംസ്ഥാനങ്ങൾ അഞ്ചു രൂപ മുതൽ എട്ടുരൂപവരെയൂണിറ്റിന് നല്കുവാൻ തയ്യാറാകുമ്പോൾ കേരളത്തിന് മൂന്നു രൂപക്ക് കിട്ടണം. ആഗ്രഹം നല്ലതാണ്, നടക്കില്ലെങ്കിലും പത്തിനും പതിനൊന്നിനും പവർ എക്സേഞ്ചിൽ നിന്നും കായംകുളത്തുനിന്നും റിലയൻസിൽ നിന്നും വാങ്ങാൻ തയ്യാറാവുമ്പോൾ സൗരോർജ്ജ പദ്ധതികളിൽ നിന്നും ഉയർന്ന വില നല്കാൻ തയ്യാറല്ല എന്നത് വിചിത്രമായ കാഴ്ചപ്പാടുകളാണ്. ഈ സർക്കാരിന്റെ കാലത്ത് സൗരോർജ്ജ പദ്ധതികൾ നടപ്പിലാവരുതെന്ന ഗൂഢ ഉദ്ദേശം ചിലർക്കുള്ളതുപോലെയാണ് തോന്നുന്നത്. അവരാണ് ചട്ടങ്ങളും നിബന്ധനകളും കടുപ്പമുള്ളതാക്കുന്നത്, ഈ സർക്കാരിനുശേഷം വരുമെന്നു പ്രതീക്ഷിക്കുന്ന സർക്കാരിന്റെ കാലത്തു നടപ്പിലായാൽ മതിയെന്ന് ചിലർ തിട്ടൂരം നല്കിയിരിക്കുന്നതു പോലെയാണ് കാര്യങ്ങളുടെ പോക്ക്.

വികസനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയ ഭേദമന്യേ പാർട്ടികളെല്ലാംതന്നെ പിന്തുണയ്ക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷ കക്ഷികളിലെ പ്രമുഖ കക്ഷിയായ മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറി പിണറായി വിജയൻ വാതക പൈപ്പുലൈൻ പദ്ധതിയെ എതിർക്കുന്നവരെ പരസ്യമായി വിമർശിച്ചത് അതിനൊരു ദാഹരണം മാത്രമാണ്.

കൊച്ചിമെട്രോയും വിഴിഞ്ഞംപദ്ധതിയും നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് തെരുവിലിറങ്ങിയത് പ്രതിപക്ഷകക്ഷികളാണെന്നത് സന്തോഷകരമായ അവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ സാഹചര്യം നിലനിൽക്കുമ്പോഴാണ് വെദ്യുതി ബോർഡിനകത്തുള്ളവർ പാരകളുമായി രംഗത്തിറങ്ങുന്നത്. അങ്ങിനെയുള്ളവരെ വെച്ചു പൊറുപ്പിക്കരുതെന്നതാണ് നാടിന്റെ ആവശ്യം, നാട്ടാരുടെ ആവശ്യം. ഇല്ലെങ്കിൽ എത്ര താരിഫ് കൂട്ടിയാലും അതെല്ലാം മൂന്നു രൂപയ്ക്ക് ഉണ്ടാക്കുന്ന വൈദ്യുതി പവർ എക്സേഞ്ചുവഴി പത്തുരൂപയ്ക്ക് വില്ക്കുന്ന മാഫിയകളുടെ കൈയിൽ എത്തിച്ചേരും. സർക്കാർ അനുവദിച്ച കൽക്കരിപ്പാടങ്ങളുപയോഗിച്ചുണ്ടാക്കുന്ന വൈദ്യുതിയാണ് പവർ എക്സേഞ്ചുകളിലൂടെ പന്ത്രണ്ടു രൂപക്ക് വിൽക്കുന്നതെന്ന യാഥാർത്ഥ്യത്തിന് നമ്മൾ ചൂട്ടു പിടിക്കുന്നത് നിറുത്തി സംസ്ഥാനത്തിനു വേണ്ട വൈദ്യുതി സംസ്ഥാനത്തിനകത്തുണ്ടാക്കുവാനുള്ള നടപടി ഉണ്ടാവണം; ഉണ്ടായില്ലെങ്കിൽ ഈ തലമുറയെ വരുംതലമുറ കല്ലെറിഞ്ഞു കൊല്ലും.

❋

Our Objects ...

❖ To raise provisional status of the Power Engineers.

FROM BICYCLE TO BUICK – THE CHINA GROWTH STORY

Er. G.S.Ajikumar
(Former President 2009-2011)

OFF THE STAGE: I belong to the 1958 model homosapiens and the useful service of my brain began during the humiliating days of 1962-Chinese aggression. The ROM of my tender brain was programmed with the hostile stories of Chinese excesses being narrated by my father & eldest uncle who were in military service. The image of a wall calendar hanging on the wall of the portico of my ancestral home, with the print of Chacha Nehru & Kennedy (the American President of those times) strolling in a garden is still lingering in my memory. My perception about the image was that Panditji was persuading Kennedy for his support for a strong retaliatory attack against the hostile neighbor to set the score even. Later, the undefended aggressors returned leaving behind a claim on the vast tracts of icy barren land "as theirs and from our side as ours". From those days onwards, a climate of cold war had been prevailing between the two big neighbors that together house about 2/3rd of the world population. Many a chilling winds has been blowing over the Himalayas since then and the icy relation between the two neighbors too was melting thanks to the diplomatic initiatives taken by Shri Vajpayee during the Janata regime under Morarji Desai. However, the Chinese Main land and Chinese products were remaining forbidden to Indians for a long time. During my middle school days, another uncle in Air Force gifted me a "made in China" Hero pen which he managed to buy from smugglers while working in a station bordering Nepal. That stylish built-in filler, concealed nib type fountain pen with golden cap was a major attraction in school and I was as proud as a schoolboy of today who spends his time in rubbing on the screen of a Samson Galaxy proudly, unmindful of what is happening around. The possibility of me ever going to China for anything never occurred in my imagination system; not even in any one of the strangest dreams of those days.

The world is changing and getting integrated fast & faster. The advent of Railways, Post & Telegraph during the 19th century helped in dismantling the barriers of isolation of rural Indian villages and integrated them into ONE modern India. As science progressed, the convergence of computation and communication technologies in today's jet age needed no visa to cut across frontier barriers at little cost and the outcome is the

integration of the whole world into a single village. Now the capital and technology can fly across borders without much hassle. The concept of "made in X" is no longer a quality symbol and is replaced by brand name- a symbol of specified and assured benefits. Products of any brand can be manufactured in any country that has the most conducive investment climate to make that product and can be marketed anywhere as the trade barriers are gradually thinning. This phenomenon has set a new world order and countries once forbidden have no other way than to open up. Consequently, the Indi-Cheeni civilians are gradually becoming "Bhayi-Bhayi" at least in business& trading areas. Usually a good business relation can compel nations to resolve military disputes simply because war enforces abject poverty on citizens whereas trade and business brings in wealth and prosperity. The recent happening in the Indo-Chinese border is the latest example.

ON THE STAGE: For a 1958 model Human, the opportunity to play a major role in the decommissioning of a 1957 model Generator Units of a Hydro Electric project of his State which had been providing him light & breeze during the unsleeping nights of his crushed exam preparation days, can only be viewed as a rendezvous with destiny for him. I consider it as one of the few fortunate opportunities in my professional life to involve in the task of Renovation, Modernization & Uprating of Poringalkuthu power house of KSEB which was commissioned during the late 1950's, right from the initial stage of Detailed Project Report preparation till the implementation stage.

Photo 1; De-commission U#1

In fact, the Board conceived the idea of Poringalkuthu HEP R&M as early as 1990, but due to various reasons characteristic to the decision making process in the Board, the task was getting on procrastinated. After me taking the charge of Executive Engineer in the Projects Electrical Design Division of Generation, the onus was shifted on me. The Assistant Executive Engineer Shri Suresh was then earnestly doing the groundwork, but in solitude. With this solitary Engineer as a team, we started refining the data & documents that had been remaining in a crude form. Subsequently, Suresh managed a transfer to his home village and with the induction of an expanded team of Asst Engineer & Asst Exe Engineer, we could finally prepare a presentable DPR (Detailed Project Report) with a proposal to de-commission the existing 4X8MW Generators and to up rate the station capacity with new 4X9 MW ones without altering the water conducting system. But the up rating proposal was met with stiff resistance from one of the members in the DPR

approval Committee. The team under Chief Engineer (PED) had to strive hard in convincing the feasibility of the proposal after many sorties of communications & deliberations and finally managed to secure the approval of the DPR. The tendering process culminated with the selection of an Indo-Chinese consortium as the qualified bidder who had quoted the lowest price. In the consortium, the Chinese partner will have the lead role in designing and manufacturing the major component of the project, the 9 MW Hydraulic Turbine/ Generator units and associated systems. However, today's perceived low quality outlook on Chinese consumer products made corresponding hallow effect on their Engineering products too which compelled us to carry out a close scrutiny of the GTP (General Technical Particulars) provided in the tender documents in search of any technical drawbacks to avoid a Chinese manufacturer. Moreover, the second lowest was claiming that they are the true descendants of the original manufacturer of the existing Units and for the very reason, they only have the necessary competency to do any re-engineering work on the existing system. This instilled a sense of inclination for the second lowest because renovation of an existing powerhouse is technically complex and more challenging than execution of a Greenfield project. But all the benchmarks on specification that the second lowest claimed to be their strong points are found to be more than complying by the Chinese company also in the submitted documents. Finally the Board had to award the work to the Indo- Chinese consortium on December 2010 after obtaining concurrence from Government & Central Electricity Authority.

THE WORKING RELATION BEGINS: The activities of contract execution followed by project execution started progressing as per schedule. The most difficult part was the deliberations with the Chinese Engineers in the matter of drawing vetting and design approval. Language is the real barrier which has been solved to a great extent thanks to the presence of an Indo-Chinese couple in their team. (Chinese wife is their official interpreter; her tong is well tuned to her Indian counterpart, the company Resident Engineer in India who in turn is at resonance with us.) However, if we want to effect any alteration or modification in their design proposals, whatever simple they may be, required lot of descriptions & elaborations to be transpired through the" interpreter duo" media in order to enlighten the Chinese stereo-framed mindset. After a two week hectic discussion at Vydhyuthibhavan, the design of Turbine/ Generator were approved for manufacture and six months later since then , the Chinese informed that two units are ready for inspection and testing.

GETTING ENTRY TO FORBIDDEN LAND: The Board deputed me and Shri James, the Asst Executive Engineer of RMU sub-division, to China for inspection & test witnessing of the Gen/Turbine Units. We took off to China's southern city-Changsha from Chennai International Airport in the early hours of the dawn on 25th February with an interposing transition of about 8 hours at Hongkong Airport. The first time Landers at HK airport will have a last minute spine chilling feeling of sea-landing before touching the ground because of the close proximity of the sea to the runway. The long transition hours were not

that boring because HK airport is a mini township with plenty of shopping malls & food courts and provided with hygienic basic amenities of star quality. The time lead of the eastern neighbor is two & half hours. When landed at Changsha airport at local time 10 pm, the mercury level was hovering in the sub-zero region and we slipped into winter jackets before exposure to open air. The Corporate H.Q of Hunan Allonward, the Chinese company, situates in the Changsha city of Hunan Province in South China. The corporate office is housed in a multi-complex sky scrapper in which one section houses corporate & commercial centers and the adjacent section houses a Star hotel. The 3rd section behind first two provides accommodation to staff. The hotels are extra ordinarily spacious and decorative. The staff in general, whether they are receptionist or sweeper or room boy or lobby manager, is status wise undistinguishable in their dressing or looks or behavior or attitude. Everyone is seen doing their job with pride and self respect and the same is reflected in their behavior to customers too. There is absolutely no tip giving practice in hotels and for the very reason, the kind of preying-on expression is not at all reflecting in anyone's eyes. Changsha, the first city we have seen in China, really fascinated us with its 8 line highways, suspension bridges, impeccably hygienic surroundings, planned design and construction of sky scrapers, very polite & hospitality minded hosts and above all disciplined citizens who are enjoying lot of personal freedom.

Photo 2; a suspension bridge

The widely perceived image of China as a country of Bicycles felt to be a myth. Instead, Buicks & BMW variety big cars are zooming past ahead the lady driver driven Hi-Tech public transportation system. Forget bicycles, for that matter even two wheelers are not allowed on the main roads and are permitted to ride only along the path provided on either sides exclusively. The bikes & scooters are mostly electric powered and wearing of helmet is not compulsory. There are few policemen found on street and drivers are seen self disciplined on roads. Market places are mostly crowded with youngsters in pairs of either Boy-Girl combination to the extent possible or of Girl-Girl combination. Teenagers accompanied with parents are rare sight. Also very old population is seldom visible on street. We could spot only two beggars in market place who were too seen doing their job with dignity.

Photo 3; a Chinese beggar

The company accomplice Mr. Jafrey's (Indian counterpart of Chinese couple) brag about that Changsha does not come within the list of top ten cities of China appeared to us only as a boasting about his Country-in-law until we saw Beijing. The Chinese dine early and finish their supper before 6.30 pm. After dinner, they (mostly youngsters& middle aged) come out, form small self- groups in the nearby public grounds and dance to the tune of the music that would be playing at different locations and return home fully digested. Jafrey, an ardent admirer of Chinese dames, confidentially revealed that this kind of lifestyle is the secret of Chinese flat waist lines in spite of heavy food intake.

THE ASSIGNMENT BEGINS: We had to finish our breakfast by 7.45 am in the next day morning of 26th as we were told lest the buffet bowls would be emptied by 8 am. After the breakfast we were led to the adjacent corporate office where the Vice President of the Company was waiting for us at 8 am. The individual office cabins are modular design of same sizes indistinctive of hierarchy, but every office will have a distinctive conference room of high ambience where official meetings will be held. The sunrise meeting with the Chinese team followed and the Vice President gave a brief description about their company. He then elaborated the schedule of the testing & inspection programme to be held in the three cities of China; Changsha, Wuhan & Tianjin spanning across South to North and thanked KSEB for awarding this contract to them. He also expressed their desire to strengthen the business ties with us in future. We responded that it all depends on how good they perform the present contract in hand and how best their machines are fulfilling the specified quality standards.

Photo 4 Sunrise meeting

After concluding the meeting in about 30 minutes, we proceeded to the industrial zone which is located about 10 kMs away in the outskirts of the city for testing the Exciter system as per the schedule.

To be cont…… in next issue.

അനാമിക

Er. Sheela M. Daniel
Secretary (South)

അരാണവൾ? എല്ലാ ദിവസത്തേയും പത്രത്താളുകളിൽ അവളുണ്ട്. ഓരോരോ സ്ഥലത്ത് ഓരോരോ പ്രായത്തിൽ എല്ലാ വിവരങ്ങളും അവളെക്കുറിച്ചുണ്ട്. അവളുടെ സ്ഥലം, ഭാഷ, പ്രായം, എല്ലാം. അവളുടെ ശരീരത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള വർണ്ണനയുണ്ട്. അവൾ എടുക്കുന്ന ശ്വാസത്തിലൂടെ ജീവിതം തിരിച്ചു കിട്ടുമോ എന്ന ആശങ്കകളുമുണ്ട്. അടച്ചിട്ട പാളികൾക്കിടയിലൂടെ മാത്രം കിട്ടിയ അവളുടെ ശരീര ഭാഗങ്ങളുടെ ചിത്രങ്ങളുണ്ട്. പ്രതിഷേധിക്കുന്ന പ്രതികരിക്കുന്ന മുഖങ്ങളുടെ വിവിധ ഭാഗങ്ങളുണ്ട്. അവളെ നിർവ്വചിക്കുന്ന ധാരാളം ഭാവനകളുണ്ട്. ഒരു വാക്കിൽ മൊത്തമായി അവളെ പരിചയപ്പെടുത്തുന്നുണ്ട്. പെൺകുട്ടി അവൾക്ക് പേരില്ല. അനാമികയാണവൾ.

ചിത്രകലയിലും ശില്പകലയിലും സംഗീതത്തിലും സാഹിത്യത്തിലും എല്ലാ മികച്ച രചനകളിലും അവൾ ഉണ്ട്. തകർക്കപ്പെട്ട കണ്ണാടിയിലെ ഓരോ കഷണങ്ങളിലൂടെയും അവളെക്കുറിച്ചുള്ള സങ്കല്പങ്ങൾ പ്രതിഫലിക്കുന്നുണ്ട്. ദേവിയായും പിശാചായും ആരാധ യായും അവഗണനയായും സൗന്ദര്യത്തിന്റെ ആൾരൂപമായും മന്ത്രവാദത്തിന്റെ കരിനിഴലായും ലഹരിയായും വിഷമായും മധുരമായും കയ്പായും മിന്നിയും മങ്ങിയും ഒക്കെ അവളെ കാണാം. വശീകരിച്ചും സ്നേഹിച്ചും സംരക്ഷിച്ചും സംഹരിച്ചും വഞ്ചിച്ചും വെറുത്തും മറവിയിലും ഓർമ്മയിലും ഒക്കെ അവൾ സമൂഹത്തിൽ അനാവൃതയാകുമ്പോൾ 'സ്ത്രീ' എന്ന നാമകരണം ചെയ്ത് അവളെ പ്രതിബിംബിപ്പിക്കാൻ ആവുമോ?

ലോകത്തിലെ എല്ലാ മതങ്ങളിലും ആദർശങ്ങളിലും സ്ത്രീ മണ്ണായും പ്രകൃതിയായും ഭൂമിയായും ഒക്കെ വാഴ്ത്തുന്നുണ്ട്. ഭൂമിയിലെ പുരുഷന്റെ വേരാണ് സ്ത്രീ. പുരുഷനെ അവനാക്കുന്നതും സ്ത്രീയാണ്. കൗമാരത്തിൽ പിതാവിന്റെയും യൗവനത്തിൽ ഭർത്താവിന്റെയും വാർദ്ധക്യത്തിൽ പുത്രന്റെയും ഒക്കെ സംരക്ഷ ണത്തിൽ ചുറ്റപ്പെട്ടാണെന്ന സങ്കല്പം ആധികാരികമായി സ്ത്രീയെ സമൂഹത്തിന് പരിചയപ്പെടുത്തുന്നു. എന്നാൽ എപ്പോഴോ അവൾക്ക് നഷ്ടപ്പെടുന്ന അവളുടെ അസ്ഥിത്വം-പേരു കൊണ്ടു പരിചയപ്പെടുത്താനാവാതെ അവൾ അനാമികയാകുന്നു. എപ്പോഴാണ് ഇങ്ങനെ മാറുന്നത്? കൊഞ്ചിച്ച് നാട്ടുകാർ കേൾക്കെ ചെവിയിലോതിയ സുന്ദരനാമം എന്നു മുതലാണ് മറച്ചു വയ്ക്കേണ്ടി വരുന്നത്? അവൾ വെറും പെൺകുട്ടിയായും സ്ത്രീയായും അഭിസംബോധന ചെയ്യപ്പെടുന്നതിന്റെ കാരണം അന്വേഷിക്കേണ്ടതല്ലേ? ഏതു പ്രായത്തിലും അവൾ പെൺകുട്ടിയായോ 'സ്ത്രീ' ആയോ മാറുന്നുണ്ട്. ഒന്നര വയസുമുതൽ എഴുപത്താറു വയസുവരെയുള്ള അനാമികമാരെ നാം പരിചയപ്പെട്ടു കഴിഞ്ഞു. കുറച്ചുപേർ അനാമികയായിത്തന്നെ ആരോടും ഒന്നും പറയാതെ അനശ്വരതയിലേക്കു പോയി. ശവമഞ്ചത്തിനു പോലും നഷ്ടപ്പെട്ട അസ്ഥിത്വം-

ചോദിക്കട്ടെ പെൺകുട്ടീ-

ഇങ്ങനെ ചവിട്ടി മെതിക്കാനുള്ളതാണൊ നിന്റെ ആളത്വം?

ഏതു പുരുഷനിലും ഒരു സ്ത്രീയും കുടിയിരിക്കുന്നുണ്ട് എന്നു ചിന്തിക്കാതിരിക്കാൻ പറ്റില്ല, കാരണം ഒരുവനിലെ അന്തരാത്മാവിലെ സ്ത്രൈണതയാണ് അവനെ സർഗാത്മകനാക്കുന്നത്.

അവനെ പ്രണയിക്കാൻ പഠിപ്പിക്കുന്നത്-
അവനെ സംരക്ഷകനാക്കുന്നത്-
അവനെ ലാളിക്കാൻ പഠിപ്പിക്കുന്നത്-
അവനെ സഹനം പരിശീലിപ്പിക്കുന്നത്-

ശാന്തി മന്ത്രം



Er. **കെ. ശശിധരൻ**
കണ്ണൂർ

ജീവിതം സന്തുഷ്ടകരമായിരിക്കണമെന്നാണ് ഏവരും ആഗ്രഹിക്കുന്നത്. അത് അങ്ങിനെ തന്നെ ആയിരിക്കുകയും ചെയ്യും. എന്നാൽ പലപ്പോഴും അനുഭവം മറിച്ചാകുന്നു. എന്താണ് കാരണം? കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയ വിനിമയം ക്ഷയിച്ചിരിക്കുന്നു. പലപ്പോഴും ഇല്ലെന്ന് തന്നെ പറയാം. കൂടുമ്പോൾ ഇമ്പമുണ്ടാകേണ്ട കുടുംബം ഇമ്പത്തിന് പകരം പ്രകമ്പനം സൃഷ്ടിക്കുന്ന കാഴ്ച യാണ് പലപ്പോഴും കാണുന്നത്. ഇതിന് പരിഹാരം മൂന്ന് ശാന്തി മന്ത്രങ്ങൾ ശീലമാക്കുക എന്നതാണ്.

- അനുകൂല മനോഭാവം
- കേൾക്കുക
- തെററ് സമ്മതിക്കുക

വീട്ടിലൊ നാട്ടിലൊ ജോലിസ്ഥലത്തൊ എവിടെയാണെങ്കിലും ഈ മൂന്ന് കാര്യങ്ങളും വളരെ പ്രധാനമാണ്. ശാന്തിയും സമാധാനവും കൈവരിക്കാൻ വളരെ അത്യാവശ്യവുമാണ്. സമാധാനം നഷ്ടപ്പെട്ട് അശാന്തിക്കായി ഇവ മൂന്നൊ അല്ലങ്കിൽ ഏതെങ്കിലുമൊന്നിന്റെയോ അഭാവം മതി.

അനുകൂല മനോഭാവം

പലരിലും കാണാത്ത നല്ലൊരു ഗുണമാണ് അനുകൂല മനോഭാവം. കാര്യം എത്ര നിസ്സാര മെങ്കിലും കേട്ട ഉടനെ എതിർക്കുന്നവരുണ്ട്. ഒന്നും നഷ്ടപ്പെടാനില്ലെങ്കിലും കേട്ടതിനെ എതിർക്കുക ഇവരുടെ ശീലമാണ്. ഇക്കൂട്ടർ വീട്ടിലും ഇതേ സ്വഭാവക്കാരായിരിക്കും. →

അവനെ ധൈര്യവാനാക്കുന്നത്. എന്തിനേറെ അവനെ സ്വതന്ത്രനാക്കുന്നത് തന്നെ.

ഈ സന്തുലിതാവസ്ഥയിൽ നിന്ന് എപ്പോഴാണൊ അവൻ വിഷപ്പല്ലുകൾ പുറത്തുകാട്ടി രക്തദാഹിയാകുന്നത്, അവൻ വാഴ്ത്തിയതും ആരാധിച്ചതും സങ്കല്പിച്ചതുമായ സൗന്ദര്യത്തിന്റെ അന്തകനാകുന്നത്. അവൻ തന്നെ രചനകളിലൂടെ ജീവൻ കൊടുത്ത രൂപത്തെ പിച്ചിച്ചീന്തുന്നത്, തന്റെ തന്നെ ആണത്ത്വത്തെ പൂർണ്ണതയെ തച്ചുടയ് ക്കുന്നത്. തന്റെ ജീവിതത്തിന്റെ ഒരു ദുഃഖന്തത്തിന്റെ ആരംഭം അവിടെ തുടങ്ങുന്നു എന്നവൻ അറിയാതെ പോകുന്നു. സ്ത്രീ പ്രകൃതിയാണെ ങ്കിൽ തന്റെ നിലനില്പിന്റെ നീർത്തടങ്ങളെതന്നെ അല്ലേ അവൻ തകർക്കുന്നത്, സംഭരിക്കുന്നത്, മുറിപ്പെടുത്തുന്നത്? തന്റെ ഉള്ളിലുറങ്ങിക്കിടക്കുന്ന അരക്ഷിതാവസ്ഥയും അപകർഷതാബോധവും അസഹിഷ്ണുതയും, അധികാരമോഹവും അടിമയാക്കുന്നതിന്റെ മൃഗീയആനന്ദവും എല്ലാം ഒന്നിച്ച് പുറത്തുവരുന്ന ഒരു വൈകാരിക നിമിഷ ത്തിൽ കായിക കരുത്തിലൂടെ അവൻതന്നെ അടിയറവെയ്ക്കുന്നത് അവൻ ഈ കാലഘട്ടം കൊണ്ടു നേടിയെന്നു ചിന്തിച്ചിരുന്ന അവന്റെ സുന്ദരമായ സ്വാതന്ത്ര്യത്തെയാണെന്ന് മറക്കുന്നു.

ഒന്നു ചോദിക്കട്ടെ-

യഥാർത്ഥത്തിൽ പേരില്ലാത്ത ഇവളുടെ അന്തഃരംഗത്തിലെ വിങ്ങലുകൾ ഒരിക്കലെങ്കിലും ഉൾക്കൊ ള്ളാൻ ഈ സമൂഹത്തിനാകുമോ?

ആ കഠിനവ്യഥ ഏതെങ്കിലും രചനകളിലൂ ടെയോ സാഹിത്യത്തിലൂടെയോ പ്രതിഫലിപ്പി ക്കാനാവുമോ?

അവരുടെ ഏകാന്തതകളെ പ്രകാശിപ്പി ക്കാൻ കഴിയുമോ? അപമാനങ്ങളെ ഏറ്റുവാങ്ങു വാനാകുമോ? മുറിവുകളെ മായിക്കാനാവുമോ? ഇതിനൊന്നും പകരം വയ്ക്കാൻ നിനക്കാവുന്നില്ല എങ്കിൽ പിന്നെ നീ എന്തിന്?

ഇനിയൊരു അനാമിക

ഇല്ല ഇനി
ഉണ്ടാകരുത്.

❋

'അല്ലപ്പാ, മകളുടെ കല്ല്യാണക്കാര്യമൊന്നും ശരിയായില്ലല്ലൊ. ബ്യൂറോയിലൊന്ന്' രജിസ്റ്റർ ചെയ്തൂടെഭാര്യയുടെ അഭിപ്രായം.

'ഇനിയിപ്പം അതിന്റെ ഒരു കുറവേയുള്ളു' ഭർത്താവ്

'അല്ലെങ്കിലും നിങ്ങൾക്കെന്തിനും ഒടക്കാ'

'പിന്നെ നിന്റെ..... അവനല്ലെ ഇവിടെയെല്ലാം ചെയ്യുന്നത്.'

വീട്ടിലെ ശാന്തി അശാന്തിയാക്കി രണ്ടും രണ്ട് മൂലയിൽ. മക്കൾ അവരുടെ ലോകത്തും. ഒടുവിൽ അയാൾ ബ്യൂറോയിൽ പോയി മകളുടെ പേര് റജിസ്റ്റർ ചെയ്തു. ഈ അനുകൂല മനോഭാവം നേരത്തെയാകാമായിരുന്നു. ഇത്തരം ഒടക്ക് പാർട്ടികൾ പുരഷന്മാർ മാത്രമല്ല. സ്ത്രീകളിലും കാണും.

കേൾക്കുക

പറയുന്നതിന്റെ ഇരട്ടി കേൾക്കാനാണ് രണ്ട് ചെവികൾ. എന്നാൽ ചെവികൾ രണ്ടും മൂടികെട്ടിയവരാണ് പലരും.

വായിക്കുക, എഴുതുക, സംസാരിക്കുക, കേൾക്കുക ഇവയാണല്ലൊ ആശയ വിനിമയത്തിനുള്ള പ്രധാന ഉപാധികൾ. ഇതിൽ വായിക്കാനും എഴുതാനും സംസാരിക്കാനും ബാല്യം മുതൽ പരിശീലനം ലഭ്യമാണ്. എന്നാൽ, കേൾവിക്ക് പരിശീലനം ലഭ്യമാകത്തക്ക വിധത്തിൽ കോഴ്സുകളൊന്നും നിലവിലില്ല. വീട്ടിലൊ തന്റെ പ്രവർത്തന മേഖലയിലോ മററുള്ളവർ പറയുന്നത് അതിന്റെ പൂർണ്ണ അർത്ഥത്തിൽ കേൾക്കാൻ പലരും തയ്യാറാകുന്നില്ല. ഫലമോ? ഉദ്ദേശിച്ച കാര്യം ഫലപ്രാപ്തിയിൽ എത്തുന്നില്ല. ചിലപ്പോൾ വിപരീത ഫലം പോലും വന്നു ഭവിക്കന്നു. ഒരാളുടെ ദു:ഖം കേൾക്കാനിരുന്നാൽ മാത്രം മതി. അയാളുടെ ദു:ഖം പകുതി കുറയും. കാരണം, തന്റെ ദു:ഖങ്ങൾകേൾക്കാനാരെങ്കിലുമുണ്ടെന്ന വിശ്വാസം അയാൾക്ക് വളരെയധികം ആശ്വാസം പകരും. ചില അവസരങ്ങളിൽ, കാര്യങ്ങൾ, പൂർണമായി കേൾക്കുന്നതിന് മുമ്പെ കോപം കൊണ്ട എടുത്ത് ചാടി അപകടത്തിൽ പെട്ടവരെ കാണാം. കാര്യങ്ങൾ പൂർണമായി കേട്ടിരുന്നെങ്കിൽ ദുരന്തം ഒഴിവാക്കാമായിരുന്നു. കാര്യങ്ങൾ ശരിക്ക് കേട്ട് മസ്സിലാക്കിയിരുന്നെങ്കിൽ അനുഭവിച്ച പല യാതനകളും ഒഴിവാകുമായിരുന്നില്ലേ എന്ന് പുറകോട്ട് ചിന്തിച്ചാൽ ബോധ്യമാകും. അതിനാൽ കേൾക്കാനുള്ള മന:സ്ഥിതിയാണ് യഥാർത്ഥ പ്രതി. ആരുമായും ആരോഗ്യകരമായ ആശയവിനിമയം അത്യാവശ്യമാണ്. അതിനായി പറയുന്നത് ആരാണെങ്കിലും അത് ശരിയായ അർത്ഥത്തിൽ പൂർണമായി കേൾക്കാനും ഉൾക്കൊള്ളാനും തയ്യാറാവുക. എങ്കിൽ ശാന്തമായ അന്തരീക്ഷം സംജാതമാകും.

തെററ് സമ്മതിക്കുക

തെററ് തന്റേതെന്ന് ഉത്തമ ബേധ്യമുണ്ടെങ്കിലും ഏററുപറയാൻ മടിക്കുന്നു പലരും. നിലത്ത് കിടന്ന കുപ്പി ഗ്ളാസ് കാലിൽ തട്ടി പൊട്ടി.

'ആരാടി ഈ ഗ്ളാസ് വഴിയിൽ കൊണ്ടു വെച്ചത്.' അതായത് ഗ്ളാസ് പൊട്ടിയത് എന്റെ കുററം കൊണ്ടല്ല. കുററക്കാരൻ മററാരോ ആണ് എന്നാണ് ആ ചോദ്യത്തിന്റെ സാരം. ഉത്തരം പൊട്ടിത്തെറിയോടെ വന്നു.

'മുഖത്ത് കണ്ണില്ലെ മനുഷ്യാ', നോക്കി നടന്നു കൂടെ? ഗ്ളാസ് പൊട്ടിയതിന് ഉത്തരവാദി വഴിയിൽ വെച്ചയാളല്ല. മറിച്ച് തട്ടിപ്പൊട്ടിച്ചയാൾ തന്നെയാണ്. എന്നതാണ് ഉത്തരത്തിന്റെ ധ്വനി. പിന്നെ നടന്ന സംഭാഷണങ്ങൾ തൂലികയാൽ വ്യക്തമാക്കാൻ പ്രയാസം.

അനിയന്ത്രിതമായ നിമിഷങ്ങൾ കടന്നു പോയി. കുഞ്ഞുങ്ങൾ പേടിച്ച് മൂലയിൽ പതുങ്ങി. അൽപം ശാന്തത കൈവന്ന അവസരത്തിൽ അയാൾ:

'തെററ് എന്റേതാണ്. ടി.വി. യിൽ രംഗം കണ്ടുകൊണ്ട് നടന്നപ്പോൾ ഗ്ളാസ് കണ്ടില്ല. സോറി'

'അല്ല. ചേട്ടാ, തെററ് എന്റേതാണ്. നിലത്തിരുന്ന് അരിയിലെ നെല്ല് പെറുക്കി കളയുന്നതിനിടയിൽ കുങ്കുമപ്പൂവ് സീരിയൽ കണ്ട് എഴുന്നേൽക്കുമ്പോൾ വെള്ളം കുടിച്ച ഗ്ളാസ് എടുക്കാൻ മറന്നു പോയി.'

ഒരാൾ കുററം ഏറെറടുക്കാൻ തെയ്യാറായപ്പോൾ, അപരനും തെയ്യാറായി. ഈ കുററ സമ്മതം ആദ്യമേ ആകാമായിരുന്നു!

ശാന്തി.....ശാന്തി.....ശാന്തി.....❋

ധനവിനിയോഗവും അതിന്റെ ഫലങ്ങളും

Er. V.Rajan
Dy. Chief Engineer (Retd)

സ്വതന്ത്ര പരമാധികാര രാജ്യമായ ഇന്ത്യ പാർലമെന്ററി ജനാധിപത്യ ഭരണരീതിയാണല്ലോ 62 വർഷമായി പിന്തുടരുന്നത്. അതിൽ നമുക്ക് മൗലികാവകാശങ്ങൾ വളരെ വ്യക്തമായി നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഇപ്പോൾ മനുഷ്യാവകാശങ്ങൾ, അറിയാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിങ്ങനെ മറ്റ് പല അവകാശങ്ങളുമുണ്ട്. അതെ സമയം കടമകളെ പ്പറ്റി നമ്മൾ അത്ര ബോധവാന്മാരല്ല. കൂടാതെ നമ്മുടേത് ഒരു മൃദു ജനാധിപത്യരീതി ആയതു കൊണ്ട് രാഷ്ട്രീയപ്പാർട്ടികളുടെ എണ്ണം വർഷം കഴിയും തോറും കൂടിക്കൊണ്ടിരിക്കുന്നു; എത്ര പാർട്ടികളുണ്ടെന്ന് ഇലക്ഷൻ കമ്മീഷനുപോലും ഒരു തീർച്ചയുമില്ലാത്ത അവസ്ഥയാണിപ്പോൾ. ഇപ്പോൾ ഏകകക്ഷി ഭരണമൊക്കെമാറി കേന്ദ്രത്തിലും പല സംസ്ഥാനങ്ങളിലും മുന്നണിഭരണമാണ്. പ്രാദേശിക, മത, ജാതി പാർട്ടികളാണിപ്പോൾ കാര്യങ്ങൾ തീരുമാനിക്കുന്നത്.

ഇതിന്റെ കൂട്ടത്തിൽ ഏതാണ്ടെല്ലാ പാർട്ടികൾക്കും തൊഴിലാളി വിഭാഗവുമുണ്ട്. തൊഴിലാളി യൂണിയനുകളുടെ പ്രധാന ജോലി ഓരോ 5-10 വർഷത്തിലും ശമ്പള-പെൻഷൻ പരിഷ്ക്കരണം സംഘടിപ്പിക്കുകയെന്നതാണ്. 1990 ന് ശേഷമുള്ള കേന്ദ്ര ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം പ്രധാന പാർട്ടികളൊന്നുമില്ലാത്ത ഒരു പാവ മുന്നണി ഗവണ്മെന്റിന്റെ കാലത്താണ് നടന്നത്; കമ്മീഷൻ ഒരു പാക്കേജാണ് സമർപ്പിച്ചത്. ആ ഗവണ്മെന്റിൽ സ്വാധീനമുള്ള തൊഴിലാളിപ്പാർട്ടികൾ അതിൽ നിന്നും ശമ്പളവർദ്ധന മാത്രം എടുത്ത് നടപ്പിലാക്കിച്ചു. അങ്ങനെ ജീവനക്കാർക്ക് ഒരിക്കലും പ്രതീക്ഷിക്കാത്ത ആനുകൂല്യങ്ങൾ ലഭിച്ചു; ശമ്പളക്കമ്മീഷൻ പറഞ്ഞ മറ്റ് കാര്യങ്ങൾ ഒന്നും നടപ്പിലാക്കിയുമില്ല. ഇതിനനുസരിച്ചുള്ള ശമ്പളപരിഷ്ക്കരണം മറ്റ് സംസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും നടന്നു. ഇതിനിടക്ക് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി പാക്കേജിൽ നിന്നും വളരെ ഗുണകരമായ ശമ്പളസ്കെയിൽ മാത്രം എടുത്ത് നടപ്പിലാക്കി. പിന്നീടുണ്ടായ ശമ്പള പരിഷ്ക്കരണങ്ങളിൽ ആഗോളവല്ക്കരണ നടപടികളുടെ സ്വാധീനം വളരെ പ്രകടമായി കാണാം. കൂടാതെ ഈ കാര്യത്തിൽ നമ്മുടെ കോർപ്പറേറ്റ് മേഖലയുടെ സ്വാധീനമുണ്ടായിരുന്നു; ജീവനക്കാരുടെ (ജനത്തിന്റെ) കൈയിൽ കാശുണ്ടെങ്കിലല്ലേ അവരുടെ ഉല്പന്നങ്ങൾ ചിലവാകൂ. സ്വകാര്യമേഖല വിശേഷിച്ചും ഐ.റ്റി കൂടിയ ശമ്പളം നല്കി കഴിവുള്ള യുവാക്കളെ മുഴുവൻ അവരുടെ സ്ഥാപനങ്ങളിൽ നിയമിക്കുന്നു. അവരെ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് ആകർഷിക്കാൻ അവിടേയും ശമ്പള വർദ്ധന വേണമെന്നതായിരുന്നു മറ്റൊരു ന്യായം. (സാമ്പത്തിക മാന്ദ്യം അനുഭവപ്പെട്ടപ്പോൾ ഈ കമ്പനികൾ അവരുടെ ശമ്പളപാക്കേജിലും കുറവുകൾ വരുത്തി ചിലവുകൾ കുറച്ചത്. അത് നമ്മളാരും ശ്രദ്ധിച്ചില്ല).

സാമൂഹിക സുരക്ഷാപദ്ധതികളാണ് ഗവണ്മെന്റിനുള്ള അടുത്ത ബാദ്ധ്യത. അതിന്റെ ഏറ്റവും അവസാനത്തെ ബ്രഹത്തായ പദ്ധതിയാണല്ലോ ദേശീയ തൊഴിലുറപ്പ് പദ്ധതി. അതിനെ രാഷ്ട്രീയക്കാർ പാർട്ടിവ്യത്യാസമില്ലാതെ സർവ്വാത്മനാ സ്വാഗതം ചെയ്തതാണ്. ഇപ്പോൾ സി.എ.ജിയുടെ റിപ്പോർട്ട് വന്നപ്പോഴാണ് അതിലെ വെട്ടിപ്പുകൾ ജനം മനസ്സിലാക്കുന്നത്. നേരത്തേയും ചില ശുദ്ധാത്മാക്കൾ ഈ കാര്യങ്ങൾ പറയുന്നുണ്ടായിരുന്നു, അതാരും ശ്രദ്ധിച്ചില്ല. രാഷ്ട്രീയക്കാർ ഉള്ളസമയംകൊണ്ട് വോട്ട് ഗവണ്മെന്റിന്റെ ചെലവിൽ സംഘടിപ്പിക്കാനുള്ള തത്രപ്പാടിലായിരുന്നു; അവരെ സംബന്ധിച്ചിടത്തോളം വഴിയിൽ കിടക്കുന്ന തേങ്ങായെടുത്ത് ഗണപതിക്ക് അടിക്കുന്നതു പോലെയാണ്. ഇതുപോലെ തന്നെ എത്ര പദ്ധതികളാണ് ഇപ്പോഴുള്ളത്! സാമൂഹിക സുരക്ഷാ പെൻഷനുകൾ തന്നെ എത്ര ഉണ്ടെന്ന് ആർക്കുമറിയില്ല; വിധവ, കാർഷിക, വാർദ്ധക്യ, കയർ.അങ്ങനെ പലതും. ഒരു പഠനത്തിന്റെ

ഭാഗമായി നടത്തിയ സർവേയിൽ പറയുന്നതു പ്രകാരമാണെങ്കിൽ ഒരാൾക്ക് കുറഞ്ഞത് 3-4 പെൻഷനുകൾ ലഭിക്കുന്നുണ്ട്; അത്രയൊക്കെ ഉണ്ടെങ്കിലെ ഇപ്പോൾ ജീവിക്കാൻ സാധിക്കൂ യെന്നാണ് രാഷ്ട്രീയഭാഷ്യം. ഇനിയിപ്പോൾ വരാൻ പോകുന്ന ഭക്ഷ്യസുരക്ഷയുടെ കാര്യത്തിലും ഇതാണ് സ്ഥിതി. അടുത്ത പാർലമെന്റ് ഇലക്ഷനിൽ വോട്ട് കിട്ടാനുള്ള ഒരു വഴി ആയിട്ടാണ് ഇതിനെ ഭരണകക്ഷി കാണുന്നത്. ഇതുംകൂടി നടപ്പിലാക്കി യാൽ ജോലിക്ക് വിശേഷിച്ചും കൂലിവേലക്ക് ആളെ കിട്ടാൻ വലിയ പ്രയാസമായിരിക്കും. ഇത് കൂടാതെ ആരോഗ്യ സുരക്ഷാപദ്ധതികളും നടപ്പിലാക്കു ന്നുണ്ട്.

ഇങ്ങനെയൊക്കെയാണ് ഗവണ്മെന്റിന്റെ റവന്യൂവരുമാനം പോകുന്നത്. സാമൂഹികബാദ്ധ്യത ഒരു ഗവണ്മെന്റിനും ഒഴിവാക്കാൻ സാധിക്കില്ല. അതെസമയം അത് അർഹതപ്പെട്ടവർക്കായി പരിമിതപ്പെടുത്തേണ്ടെ? അങ്ങനെ ചെയ്തില്ലാ യെങ്കിൽ ഇതിനൊരു അവസാനം ഉണ്ടാകില്ല (പാചകവാതക സബ്സിഡിയുടെ മൂന്ന് മാസം മുമ്പുണ്ടായ പുകിൽ അറിയാമല്ലോ. അവസാനം കമ്പനികൾ ഗതികെട്ട് വളരെ ശക്തമായി കള്ള കണക്ഷൻ ഒഴിവാക്കിയപ്പോൾ പ്രശ്നം തീർന്നില്ലേ. നേരത്തെ ഗാർഹിക സിലിണ്ടർ ഒരു നല്ല ശതമാനം കമേഴ്സ്യൽ ഉപഭോക്താക്കളാണ് പ്രയോജനപ്പെടു ത്തിയത്) ഇങ്ങനെ ഒരു പരിശോധന എല്ലാ കാര്യത്തിലും ഉണ്ടാകണം.

റവന്യൂ ചെലവായാലും മൂലധന ചെലവാ യാലും കാശാണല്ലോ, ഇതെല്ലാം നേരിടേണ്ടത് സർക്കാരും. സർക്കാരിനുള്ള വരുമാനമെന്നു പറയുന്നത്, സാധാരണ ജനത്തിന്റെ ഭാഷ്യത്തിൽ, നികുതികളാണ്; അതിൽ പ്രധാനമായത് വരുമാന നികുതി, കച്ചവടനികുതി, ചില തീരുവകൾ എന്നിവയാണ്. ഇതെല്ലാം പിരിച്ചെടുക്കുന്നത് ജീവനക്കാരിൽക്കൂടിയാണല്ലോ. സർക്കാരിന്റെ രാഷ്ട്രീയവും ജീവനക്കാരുടെ രാഷ്ട്രീയവും കൂടി ചേരുമ്പോൾ നികുതി പിരിവ് എത്രയാണെന്നുള്ള യഥാർത്ഥ കണക്ക് ആർക്കുമറിയില്ല. അതെ സമയം നേരത്തെ പറഞ്ഞ ചെലവുകൾ അവസാനത്തെ പൈസ വരെ കണക്ക് പറഞ്ഞ് വാങ്ങാൻ കോടതി വരെ പോകാനും ജനം തയ്യാറാണ്. അതെ സമയം ഗവണ്മെന്റിനെ രാഷ്ട്രീയപാർട്ടികൾ നയിക്കുന്നതു കൊണ്ട് ഇത്രയും ശക്തമായ രീതിയിൽ നികുതി പിരിവ് നടത്താൻ സാധിക്കുന്നില്ല. അത് കാരണം ഖജനാവ് കാലി ആയിക്കൊണ്ടിരിക്കുന്നു.

നേരത്തെ പറഞ്ഞ ന്യായീകരിക്കാൻ സാധി ക്കാത്ത ശമ്പളവർദ്ധനയും സാമൂഹിക സുരക്ഷിത പദ്ധതികളും എല്ലാം രാഷ്ട്രീയ ക്കളികളാണ്. ഇതി നൊരു കടിഞ്ഞാണിട്ടില്ലെങ്കിൽ നശിക്കുന്നത് രാജ്യവും നേരത്തെ പറഞ്ഞ ഗുണങ്ങളൊന്നും കിട്ടാത്ത സാധാരണ ജനവുമായിരിക്കും. രാഷ്ട്രീയ ക്കാർക്ക് നഷ്ടപ്പെടാനൊന്നുമില്ല, അതെ സമയം കിട്ടാനുള്ളത് വോട്ടുകളാണ്. ഖജനാവ് മുടിയുന്ന തൊന്നും അവർക്ക് പ്രശ്നമല്ല. ജീവനക്കാർക്ക് കുറെ കൊടുക്കുക, ബാക്കി സാമൂഹിക സുരക്ഷിത പദ്ധതികൾക്കും ചെലവാക്കുക. ഇതിൽ രണ്ടിലും പെടാത്ത വലിയവിഭാഗത്തിന് ഒന്നും കിട്ടുന്നില്ല. ഗവണ്മെന്റിന്റെ കണക്കുകൾപ്രകാരം തന്നെ വരുമാനം മുഴുവൻ ശമ്പളം, പെൻഷൻ (പല രീതിയിലുള്ള),പലിശ മുതലായവ നല്കാൻ മാത്രമെ ഉണ്ടാകൂ. ശമ്പള പരിഷ്ക്കരണത്തോ ടൊപ്പം തെറ്റായ രീതിയിലുള്ള ഗ്രേഡ് നല്കലും അതിനനുസരിച്ചുള്ള ഫിക്സേഷൻ നല്കലും കൂടി ആയപ്പോൾ സർക്കാരിന്റെ ബാദ്ധ്യത വളരെ കൂടി, പെൻഷൻ ബാദ്ധ്യതയും അതിനനുസരിച്ച് കൂടി.

ഇതിനിടയിലുണ്ടായ ഗൾഫ് പ്രതിഭാസവും കൂടി ആയപ്പോൾ ജനം അടിച്ചു പൊളിച്ചാണ് ജീവിക്കുന്നത്. മുന്തിയ വീട്, കാർ, ഗൃഹോപകരണ ങ്ങൾ വിനോദ സഞ്ചാരം, ഹോട്ടൽ ആഹാരം ഇതൊക്കെയായി സുഖജീവിതം. പണിമുടക്കോ ഹർത്താലോ വന്നാൽ, അതാരാണ് ആഹ്വാനം ചെയ്തതെന്ന് നോക്കില്ല, അതിനെ ബന്ദാക്കി മാറ്റും; കോൾഡ് സ്റ്റോറിലും ബിവറേജിലും നല്ല ചിലവും. അടുത്ത കാലം വരെ നമ്മൾ ആഹാരം കഴിക്കാൻ വീട്ടിലേക്കാണ് പോയിരുന്നത്, ഇപ്പോൾ ആ സമയത്ത് കുടുംബത്തോടെ ഹോട്ടലിലേക്ക് പോകും. ഈ അടുത്ത സമയത്ത് സ്വർണ്ണത്തിന് 1000രൂപ പവന് കുറഞ്ഞപ്പോൾ ജനം സ്വർണ്ണക്കട മുഴുവൻ വെളുപ്പിച്ചു, ഇനിയിപ്പോൾ അക്ഷയ തൃതീയയുടെ ഡിമാന്റ് എങ്ങനെ നേരിടുമെന്ന താണ് കടക്കാരുടെ ദുഖം. അതെ സമയം സർക്കാരിന്റെ കൈയിൽ നീക്കിയിയിരിപ്പൊന്നു മില്ല.

ഈ രീതിയിൽ കാര്യങ്ങൾ പോയാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പണം ഉണ്ടാകില്ല. അതുകൊണ്ട് ജോലിക്ക് ആനുപാതികമായി ശമ്പളം നിശ്ചയിക്കുക, ക്ഷേമ പെൻഷനുകൾ അർഹതപ്പെട്ട വർക്ക് മാത്രമായി പരിമിതപ്പെടു ത്തുക. സർവ്വീസ് പെൻഷൻ, ശമ്പളം വളരെ നാമമാത്രമായിരുന്ന, ആയുർദൈർഘ്യം വളരെ കുറഞ്ഞിരുന്ന കാലത്തു ണ്ടാക്കിയ നിയമങ്ങളിൽ നിന്നും വേർപെടുത്തുക, ഓരോരുത്തരും അവരവരുടെ ശേഷിക്കനുസരിച്ച് ചെയ്യാവുന്ന ജോലികൾ ചെയ്യാൻ തയ്യാറാവുക. ഇതൊക്കെ ചെയ്താലെ നാട് പുരോഗമിക്കൂ. വോട്ട് രാഷ്ട്രീയത്തിൽ നിന്നും ജനങ്ങളെങ്കിലും രക്ഷപ്പെടണം

❋

Information Technology in Power Distribution

J. Sudhakaran Nair, Dy.C.E.(Rtd.)
Former General Secretary

The beginning

It can be said that the applications of Information Technology (IT) in power distribution started with the use of telephone. As in many other fields, IT applications in power system also have grown in leaps and bounds over the last few decades.

' IT' has penetrated into almost all aspects of power system; including;

1. operational planning
2. energy management
3. load forecast
4. power quality
5. automation in generation, transmission and distribution
6. protective relaying
7. power system reliability
8. power system training etc.

From the use of telephone we have come a long way. Now we are discussing 'Intelligent Substation' , 'Smart meter' and 'Smart grid'.

Major applications of IT in Power System are;

1. Supervisory Control And Data Acquisition (SCADA)
2. Distribution Automation (DA)
3. Trouble Call Management System (TCMS)
4. Automated Meter Reading (AMR)
5. Outage Management Systems (OMS)
6. Integration with Geographic Information System (GIS), Automated Mapping and Facilities Management (AM/FM) , OMS and other systems.
7. Customer Information and Billing Systems
8. Work Management Systems
9. Load Control
10. Real-time Pricing
11. Demand Response
12. Load Survey, Tamper Detection, Remote Service On/Off
13. Demand Side Management (DSM)
14. Software for analysis and control
15. Power quality management
16. Smart meters
17. Smart grid
18. Intelligent Substations

Supervisory Control And Data Acquisition (SCADA)

SCADA consists of a central host (Master Terminal Unit – MTU), field data gathering and control units (Remote Terminal Units – RTU), Communication system and a software application to monitor and control RTUs. The next generation SCADA may be internet based.

Distribution Automation (DA)

Distribution Automation System as defined by IEEE is a system that enables an Electric Utility to remotely monitor, coordinate and operate distribution components in a real time mode from remote locations. Automation provides timely control and data acquisition through communication with remote devices. Distribution Management System includes local, distributed or centralized schemes to facilitate operation of distribution utilities feeder automation, fault identification, localization, isolation, restoration remote monitoring, remote control, Engineering planning and studies and facility and asset management. Basic Components of a Typical Distribution Automation System are, Computer system (both hardware and software), Communication system, Remote Terminal Units (RTUs) or Intelligent Electronic Devices (IEDs) and Electrical switch gear and accessories those are compatible for automation.

Function of DA System

Remotely monitors the distribution system, facilitates supervisory control of devices and provides decision support tools to improve the system performance.

Levels of Automation

1. Substation Level Automation
2. Feeder Level Automation
3. Customer Level Automation

The major functions are, Network Reconfiguration - Service Restoration, Network Reconfiguration - Load Balancing, Remote metering, Automatic Load shedding, Load management – scheduled power cuts, Load management-emergency based load shedding, Load management – Agricultural load control, Automated Mapping and Facilities Management (AM/FM) and Trouble Call Management System.

Outage Management Systems

Outage Management Systems (OMS) identify and restore outages sooner and more efficiently. Customer Service, Planning, Asset Management, Engineering, and Regulatory Affairs departments can all find significant value from information collected in the OMS database. Significant advantages can be gained by integrating the OMS system with Advanced Metering Infrastructure (AMI), SCADA, and Interactive Voice Response (IVR) systems.

Interactive Voice Response System

Interactive technology allows a computer to detect voice and keypad inputs. Consumers can access a utility's database via a telephone keypad or by speech recognition, after which they can service their own enquiries by following the instructions. The system can respond with pre-recorded or dynamically generated audio to further direct users on how to proceed. IVR systems can be used to control almost any function where the interface can be broken down into a series of simple menu

choices. IVR systems generally can handle large call volumes.

Automatic Meter Reading

Automated Meter Reading (AMR) is the technology of automatically collecting consumption, diagnostic, and status data from metering devices (water, gas or electric) and transferring that data to a central database for billing, troubleshooting, and analyzing. With AMR, Utility saves the expense of periodic trips to each physical location to read a meter.

Touch Technology

With touch based AMR, a meter reader carries a handheld computer or data collection device with a wand or probe. The device automatically collects the readings from a meter by touching or placing the read probe in close proximity to a reading coil enclosed in the touchpad. When a button is pressed, the probe sends an interrogate signal to the touch module to collect the meter reading. The software in the device matches the serial number to one in the route database, and saves the meter reading for later download to a billing or data collection computer.

Handheld

In handheld AMR, a meter reader carries a handheld computer with a built-in or attached receiver/transceiver (radio frequency or touch) to collect meter readings from an AMR capable meter. Handheld computers may also be used to manually enter readings without the use of AMR technology as an alternative.

Mobile

